UNIVERSITY OF CALICUT

(DOA)

No: 127241/DOA-ASST-8/2026/Admn　　　　Dated,Calicut University P.O 03.09.2026

**NOTIFICATION**

2026-27 അധ്യയന വർഷത്തെ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്നും അഞ്ചും സെമസ്റ്ററുകളിൽ  ലേറ്റ് ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ അനുവദിച്ച്  സർവകലാശാലാ വിജ്ഞാപനം പുറപ്പെടുവിക്കുന്നു. കേരളത്തിലും, കേരളത്തിന് പുറത്തുമുള്ള സർവകലാശാലകളിലെ (ഓട്ടോണമസ് കോളേജുകൾ ഉൾപ്പടെ ) നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്, അഫിലിയേറ്റഡ് കോളേജുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ മുൻ സെമസ്റ്ററുകളിലെ മുഴുവൻ പേപ്പറുകളും പാസായിരിക്കണം. നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്ററിൽ ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിനോടൊപ്പം മേജർ സ്വിച്ചിങ്ങും അനുവദിക്കുന്നതാണ്. മേജർ സ്വിച്ചിങ്ങിനായി തെരഞ്ഞെടുക്കുന്ന മൈനർ പേപ്പറിന് കുറഞ്ഞത് നാല് ക്രെഡിറ്റും, എം. ഡി. സി. പേപ്പറിന് കുറഞ്ഞത് മൂന്ന് ക്രെഡിറ്റും വിദ്യാർത്ഥി നേടിയിരിക്കണം. എന്നാൽ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക്  മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

യൂണിവേഴ്സിറ്റി ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളുമായി നേരിട്ട് ബന്ധപ്പെട്ട് സീറ്റ് ലഭ്യതയ്ക്കും യോഗ്യതയ്ക്കും വിധേയമായി  ട്രാൻസ്ഫർ വഴി താൽകാലിക  പ്രവേശനം നേടാവുന്നതാണ്. ട്രാൻസ്ഫർ ലഭിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ ക്യാപ്പ് ഐഡി രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്. താത് കാലിക പ്രവേശനം നേടുന്ന വിദ്യാർത്ഥിയുടെ അക്കാദമിക രേഖകൾ സർവകലാശാല  പരിശോധിച്ച്  ഉത്തരവ് പുറപ്പെടുവിക്കുന്ന മുറക്ക് മാത്രമേ വിടുതൽ സർട്ടിഫിക്കറ്റ് (ടി സി ) ഹാജരാക്കേണ്ടതുള്ളൂ.

രജിസ്ട്രേഷൻ ഫീസ് : **₹.870/-** : എസ് സി / എസ് ടി  വിഭാഗം :**₹.570/-** ,

17.07.2026 തീയതിയിലെ വിജ്ഞാപന പ്രകാരം ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിന് അപേക്ഷിച്ച് ക്യാപ്പ് ഐഡി നേടിയ വിദ്യാർഥികൾ ലേറ്റ് ഫീ : ₹.350/- അടവാക്കേണ്ടതാണ്.

| | |
|---|---|
| വെബ്സൈറ്റ് ലിങ്ക് | https://admission.uoc.ac.in/admission?pages=Transfer |
| ട്രാൻസ്ഫർ ആരംഭിക്കുന്ന തീയതി | 03.09.2026 |
| ട്രാൻസ്ഫർ അവസാനിക്കുന്ന തീയതി | 08.09.2026 4.30 P.M |

**നാലുവർഷ ബിരുദ പ്രോഗ്രാമുകളിലെ ലേറ്റ് ഇന്റർ-യൂണിവേഴ്സിറ്റി ട്രാൻസ്ഫർ അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ**

1. അന്തർ-സർവകലാശാലാ മാറ്റത്തിനായി അഫിലിയേറ്റഡ് കോളേജുകളിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക്, അഫിലിയേറ്റഡ് കോളേജുകളിലെ ബന്ധപ്പെട്ട പ്രോഗ്രാമുകളിലെ സീറ്റ് ലഭ്യതയും വിദ്യാർത്ഥികളുടെ യോഗ്യതയും പരിഗണിച്ച്, മാത്രമേ ട്രാൻസ്ഫർ അനുവദിക്കുകയുള്ളൂ.
2. ഒരേ പ്രോഗ്രാമിലേക്ക് ഒന്നിലധികം വിദ്യാർത്ഥികൾ ട്രാൻസ്ഫറിനായി അപേക്ഷിക്കുന്ന സാഹചര്യത്തിൽ, നിലവിലുള്ള റെഗുലേഷൻ വ്യവസ്ഥകൾക്ക് വിധേയമായി, മുൻ സെമസ്റ്ററുകളിലെ അക്കാദമിക് പ്രകടനം/അക്കാദമിക് വിശദാംശങ്ങൾ പരിഗണിച്ച് കോളേജ് തലത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി മെറിറ്റ് അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിർണയിച്ചശേഷം മാത്രമേ ട്രാൻസ്ഫർ അനുവദിക്കൂ.
3. സർവകലാശാല നേരത്തെ പുറപ്പെടുവിച്ച ഇന്റർ-യൂണിവേഴ്സിറ്റി ട്രാൻസ്ഫർ വിജ്ഞാപനം No. 127241/DOA-ASST-8/2026/Admn, dated 17.07.2026 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങളും നിബന്ധനകളും, അന്തർ-സർവകലാശാലാ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട മറ്റ് വ്യവസ്ഥകളും, ലേറ്റ് അപേക്ഷകൾക്കും ബാധകമായിരിക്കും.

Prof.(Dr.) Sebastian C. D.
Registrar

To

ഓട്ടോണമസ് ഉൾപ്പടെയുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർ / പരീക്ഷ കൺട്രോളറുടെ പി എ / ഡയറക്ടർ CUCC / ഡെപ്യൂട്ടി രജിസ്ട്രാർ ജി & എ വിഭാഗം / പി ആർ ഒ / സുവേഗ.